**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 709** **28-01-2026 - ൽ മറുപടിയ്ക്ക്**

**റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | റീവാംപെഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ (നവീകരിച്ച വിതരണ മേഖല ) പദ്ധതിയിലേക്ക് വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പറപ്പൂർ, ഇലക്ട്രിക്കൽ സെക്ഷന്റെയും മെഡിക്കൽ കോളേജ് സെക്ഷന്റെയും പരിധിയിൽ മാത്രമാണ് ആർ.ഡി.എസ്.എസ്. പദ്ധതി ഉള്ളത്. പറപ്പൂർ സെക്ഷന്റെ കീഴിൽ എൽ.ടി.-എ.ബി.സി., റികണ്ടക്ടറിംഗ് 7കി.മീ. പ്രവൃത്തികൾക്ക് ടെണ്ടറിംഗ് പൂർത്തിയാക്കി അനുബന്ധ പ്രവൃത്തികൾ തുടർന്നു കൊണ്ടിരിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി 13% ആണ്. മെഡിക്കൽ കോളേജ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ 28 എണ്ണം ആർ.എം.യു. സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്ത് എഗ്രിമെന്റ് നടപടികൾ ചെയ്തു കഴിഞ്ഞു. ടി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (ബി) | പദ്ധതിയിലുൾപ്പെടുത്തിയ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി, ലൈൻ റീ കണ്ടക്ടറിംഗ് ചെയ്യുന്ന പ്രവൃത്തി എന്നിവ ഏതൊക്കെ സെക്ഷനുകളുടെ പരിധിയിൽ ഏതൊക്കെ പ്രദേശത്താണ് അനുവദിച്ചിരിക്കുന്നതെന്നും ആയതിന്റെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ? | (ബി) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ കീഴിൽ RDSS പദ്ധതിയിൽ 11 കെ.വി. ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത മണ്ഡലത്തിൽ പറപ്പൂർ സെക്ഷന്റെ കീഴിൽ എൽ.ടി. - എ.ബി.സി., റികണ്ടക്ടറിംഗ് 7 കി.മീ. പ്രവൃത്തികൾക്ക് ടെണ്ടറിംഗ് പൂർത്തിയാക്കി പ്രവൃത്തികൾ തുടർന്നു കൊണ്ടിരിക്കുന്നു. പ്രവൃത്തിയുടെ പുരോഗതി 13% ആണ്. |

സെക്ഷൻ ഓഫീസർ